# ഇന്ന് ശുദ്ധീകരണം! നാളെ അതിശയം!!

**പാസ്റ്റർ തെക്കേക്കൽ വി. ജോർജ്ജ്, ഡാളസ്**

യോശുവായുടെ നേതൃത്വത്തിൽ യെരീഹോവിൽ നടന്ന അത്ഭുതകരമായ ഒരു വിജയത്തിനുശേഷം ദയനീയമായ ഒരു പരാജയം യിസ്രായേലിന്റെ ചരിത്രത്തിൽ വന്നുഭവിച്ചതു് ആരെയും ചിന്തിപ്പിക്കുന്ന ഒന്നാണ്. പഴയനിയമത്തിന്റെ താളുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന യുദ്ധങ്ങൾ നിരവധി ആത്മീക സത്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. വിശ്വാസത്താൽ അവർ ഏഴു ദിവസം ചുററിനടന്നപ്പോൾ യെരീഹോമതിൽ ഇടിഞ്ഞുവീണു എങ്കിലും മുമ്പിലുള്ള ശത്രു തീർത്തും പരാജയപ്പെട്ടില്ല. ഏററവും നല്ല ആത്മീക ശുശ്രൂഷകൾ നടന്നു കഴിയുമ്പോഴാണ് ശത്രു അധികം രോഷാകുലനാകുന്നതു്. ഹായിയിലെ സംഭവം പഠിപ്പിക്കുന്ന മറെറാരു പാഠം സൈന്യബഹുത്വത്തിലല്ല ജീവിതശുദ്ധീകരണത്തിലും വിശ്വസ്തതയിലുമാണ് വിജയമിരിക്കുന്നതു് എന്നത്രെ. "ശത്രുക്കൾക്കുനേരേ പാളയമിറങ്ങുമ്പോൾ കൊള്ളരുതാത്ത കാര്യമൊന്നും ചെയ്യാതിരിപ്പാൻ നീ സൂക്ഷിച്ചുകൊള്ളേണം" (ആവ. 23:9) എന്നു് അലംഘനീയമായ പ്രമാണമുള്ള ജാതി സ്വയപരിശോധന കൂടാതെ പോർക്കളത്തിൽ കാലുകുത്തിയതു് പരാജയത്തെ സ്വാഗതം ചെയ്യുകയായിരുന്നു. ആത്മീയം മതിക്കപ്പെടേണ്ടതു് വിശുദ്ധിയുടെ മാനദണ്ഡത്തിലായിരിക്കട്ടെ.

ഹായിയിൽ പരാജിതരായ ജനത്തിന്റെ ഹൃദയം ഉരുകി വെള്ളംപോലെ ആയിത്തീന്നു. യോശുവ വസ്ത്രം കീറി. യഹോവയുടെ പെട്ടകത്തിന്റെ മുമ്പിൽ അവനും യിസ്രായേൽ മൂപ്പന്മാരും തലയിൽ മണ്ണുവാരിയിട്ടുകൊണ്ടു സന്ധ്യവരെ സാഷ്ടാംഗം വീണുകിടന്നു. അതുകൊണ്ടു് പ്രശ്നം പരിഹരിക്കപ്പെട്ടില്ല. നാം പലപ്പോഴും കാതലായ വിഷയങ്ങൾ പരിത്യജിച്ചുകൊണ്ടു് ജീവിത

ത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം തേടാറുണ്ട്. പുറമേ കാണുന്ന ക്രിസ്തീയ ജീവിതവും അകമെ സ്ഥിതിചെയ്യുന്ന ആത്മീക അവസ്ഥയും തമ്മിൽ പൊരുത്തപ്പെടാത്ത രീതിയിലാണ് ബഹുഭൂരിപക്ഷവും ആത്മീക ജീവിതം നയിക്കുന്നത്. അത് അപകടമാണ്. ആത്മീകമായ ഒരു സത്യസന്ധതയാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം. ദൈവം ജനത്തിനുനേരെ ഇതാ തിരിഞ്ഞു "യിസ്രായേൽ പാപം ചെയ്തിരിക്കുന്നു; ഞാൻ അവരോട് കല്പിച്ചിട്ടുള്ള എന്റെ നിയമം അവർ ലംഘിച്ചിരിക്കുന്നു..." (യോശു 7.11) ജനത്തിന്റെ മദ്ധ്യേ പാപവും ദൈവ വ്യവസ്ഥകളുടെ ലംഘനവും നിലവിലിരിക്കുന്നിടത്തോളം യുദ്ധം വിജയിക്കുകയില്ല. ക്രൈസ്തവ സമൂഹത്തിന്റെ പരാജയത്തിനു കാരണം ദൈവകല്പനകളുടെ നിഷേധമാണ്. ദൈവത്തിന്റെ വ്യവസ്ഥകളെ മാനുഷീകബുദ്ധിക്കൊത്തവിധം ക്രമീകരിപ്പാൻ നമുക്ക് എന്ത് അവകാശം? എന്നാൽ ഇവിടെ ഇതാ ദൈവശബ്ദത്തിന്റെ മുമ്പിൽ ആത്മീക സത്യസന്ധത പാലിക്കാൻ തീരുമാനമെടുത്ത ഒരു വീരനായ നേതാവ് മുമ്പോട്ട് നീങ്ങുന്നു.

**"അങ്ങനെ യോശുവ അതികാലത്തു എഴുന്നേററു"**

ദൈവശബ്ദത്തിന്റെ അംഗീകരണത്തിന്, ശുദ്ധീകരണത്തിനായി തയ്യാറാകുന്നതിന്, ആത്മീകവിഷയങ്ങളുടെ അനുസരണത്തിന് നാം ഒരിക്കലും കാലതാമസം വരുത്തരുത്. ഏതു വില കൊടുത്തും ദൈവ കല്പനകളെ ജീവിതപ്രമാണമാക്കുവാൻ നാം തയ്യാറാകണം. ദൈവത്തിന്റെ സ്നേഹിതൻ എന്ന് വിളിക്കപ്പെട്ട അബ്രഹാമിന്റെ ജീവിതം പരിശോധിക്കുക. ദൈവശബ്ദത്തിന്റെ അനുസരണത്തിനായിരുന്നു തന്റെ ജീവിതത്തിൽ മുൻഗണന. "അബ്രഹാം അതികാലത്തു എഴുന്നേററു" എന്ന പ്രയോഗം ശ്രദ്ധിക്കുക. (ഉല്പ 21:14;22:3) ദൈവം കല്പിച്ചാൽ, സ്നേഹിതരേ അനുസരിപ്പാൻ കാലതാമസം വരുത്തരുത്. യോശുവ ജനത്തെ ശുദ്ധീകരിച്ചു കഴിഞ്ഞശേഷം ലഭിച്ച വാഗ്ദത്തം നോക്കുക" അനന്തരം യഹോവ യോശുവയോട് അരുളിച്ചെയ്തു; ഭയപ്പെടരുത്. വിഷാദിക്കയും അരുത്; പടജനത്തെയൊക്കെയും കൂട്ടിപുറപ്പെട്ട ഹായിലേക്കു ചെല്ലുക, ഞാൻ ഹായിരാജാവിനെയും അവന്റെ ജനത്തേയും പട്ടണത്തെയും ദേശത്തേയും നിന്റെ കയ്യിൽ തന്നിരിക്കുന്നു. (യോശു 8:1)

നാം പലപ്പോഴും ദൈവത്തിങ്കൽനിന്നും അത്ഭുത- പ്രതീക്ഷിക്കുന്നവരാണ്. പക്ഷേ നമ്മുടെ അവസ്ഥ നാം കാണുകയോ, ക്രമീകരണം വരുത്തുകയോ പാപം ഏററു പറഞ്ഞ് ഉപേക്ഷിക്കുകയോ, ഒരു ആത്മീകവിപ്ലവം നമ്മിൽ ആരംഭിക്കുകയോ ചെയ്യുവാൻ നാം തയ്യാറാകുന്നില്ല. ആത്മീക ഉന്നതിക്കും, വിജയത്തിനുമുള്ള വെമ്പൽ നമ്മിൽ ഉണ്ടാകാറുണ്ട്.

അതിൽ നാം തൃപ്തരാകുന്നു. എന്നാൽ അതു പ്രശ്നപരിഹാരമല്ല. നമ്മിൽ ആന്തരികമായ ഒരു ശുദ്ധീകരണം നടക്കട്ടെ, അവിടെയാണ് അത്ഭുതം നടക്കുന്നത്. ദൈവം പറയുന്നു ശത്രുവിനെ നിന്റെ കയ്യിൽ തന്നിരിക്കുന്നു! തരാം എന്നല്ല 'തന്നിരിക്കുന്നു.' ആത്മീക അനുഗ്രഹങ്ങളെ വിശ്വാസത്താൽ നാം കാൽച്ചുവടുകളിൽ വച്ച് അവകാശമാക്കുക. ദൈവം അനുഗ്രഹിക്കാം എന്നല്ല 'അനുഗ്രഹിച്ചിരിക്കുന്നു' എന്നാണ് നാം വായിക്കുന്നത്. നമ്മുടെ ആത്മീക പൊള്ളത്തരങ്ങളോട് യാത്രപറഞ്ഞുകൊണ്ട് വിശ്വാസത്തിൽ ആരോഗ്യമുള്ളവരായി ജയമെടുക്കാം.

ഇപ്പോൾ നിങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന ശത്രുവിന്മേൽ–പ്രശ്നങ്ങളുടെ–മേൽ ഒരു അത്ഭുതവിടുതൽ നിങ്ങൾ പ്രതീക്ഷിക്കുന്നുവോ? എങ്കിൽ ദൈവം പറഞ്ഞതു ശ്രദ്ധിക്കുക. 'അപ്പോൾ യഹോവ യോശുവയോടു: നിന്റെ കയ്യിലുള്ള കുന്തം ഹായിക്കുനേരെ ഏന്തുക; ഞാൻ അതു നിന്റെകയ്യിൽ ഏല്പിക്കും' (യോശു 8:18) നിങ്ങളുടെ വിശ്വാസത്തെ ഉപയോഗിക്കുക. ആത്മീക നിലയെ സജീവമാക്കുക. പ്രതികൂലങ്ങൾക്ക് നേരെ, പ്രശ്നങ്ങൾക്ക് എതിരെ, ആവശ്യങ്ങൾക്കുനേരെ, ശത്രുവിനെതിരെ അതേ നിന്റെ കയ്യിലുള്ള കുന്തം ഏന്തുക. അഥവാ നീട്ടുക. വിശ്വാസത്താൽ! എത്ര മണിക്കൂർ അല്ലെങ്കിൽ എത്ര ദിവസം ഞാൻ വിശ്വാസത്തിൽ ഉറച്ചുകൊണ്ട് പ്രശ്നങ്ങളെ അഭിമുഖീകരിക്കണം? ശ്രദ്ധിക്കുക, 'ഹായി പട്ടണക്കാരെ ഒക്കെയും നിർമ്മൂലമാക്കുംവരെ കുന്തം ഏന്തിയ കൈ യോശുവ പിൻവലിച്ചില്ല.' (വാ. 26)

സ്നേഹിതരേ! വിശ്വാസത്തിൽ ക്ഷീണിക്കരുത് തളരരുത്. പിടിച്ചുനില്ക്കുക 'ഞാൻ അതു നിന്റെ കയ്യിൽ ഏല്പിക്കും' എന്നു കല്പിച്ച ദൈവം വാക്കുമാറാത്തവനാണ് വിജയമാണ് നമ്മുടെ ലക്ഷ്യം. ശത്രു പരാജിതനാകുന്നതുവരെ കൈ പിൻവലിക്കരുത്. ക്രിസ്തീയ ജീവിതം ആത്മീക തീവ്രവാദമല്ല ആത്മീക വിപ്ളവമാണ്. വിശ്വാസത്തിൽ ഉള്ള വിശ്വസ്തതയാണ് വിജയം. നോക്കുക, വിശ്വാസവീരനായ മോശയുടെ കൈകൾ അമാലേക്കിനെയും അവന്റെ ജനത്തെയും വാളിന്റെ വായ്ത്തലയാൽ നാമാവശേഷമാക്കുന്നതുവരെ കുന്നിൻമുകളിൽ ഉയർത്തിപ്പിടിച്ചുകൊണ്ടിരുന്നു (പുറ 17:9–12) പ്രാർത്ഥനയിൽ, വിശുദ്ധജീവിതത്തിൽ, ഉപവാസത്തിൽ, കല്പനകളുടെ അനുസരണത്തിൽ നാം മടുത്തുപോകരുത്. ക്രിസ്തീയ ജീവിതത്തിലെ തളരാത്ത ഒരു പടയാളിയായി നിന്നുകൊണ്ട് വിശുദ്ധയുദ്ധം ചെയ്യുവാൻ തയ്യാറാകുക.

ദൈവം നിങ്ങളെ ഭരമേല്പിച്ചിരിക്കുന്ന ദൈവീക വിശ്വാസത്തെ ഉപയോഗിക്കുവാൻ അഭ്യസിക്കുക. 'വിശ്വാസം'—വിശ്വസ്തത, അംഗീകരണം, അനുസരണം എന്നിവയിലൂടെയാണ് പ്രകടമാക്കേണ്ടത്. വിശ്വാസ പ്രമാണങ്ങളെ നാം ഉയർത്തിപ്പിടിക്കുമ്പോൾ തന്നെ

അതു് ജീവിതത്തിൻെറ പ്രായോഗികവശത്തേക്കു പകർത്തുക. കഴിഞ്ഞ ദിവസങ്ങളിൽ നിങ്ങൾ പരാജിതരായ അതേ ഇടത്തുതന്നെ വീണ്ടും നിങ്ങൾ വിജയിക്കുവാൻ പോകുന്നു. വിശ്വസിക്കുക. വിശ്വാസത്തിൻെറ കൈകൾ തളർന്നു പോകരുതു്. വിശ്വാസം അസാദ്ധ്യങ്ങളെ നോക്കി സകലവും സാദ്ധ്യം എന്നു് എണ്ണുകയും, വാഗ്ദത്തങ്ങളെ പ്രവൃത്തിയിൽ എത്തിക്കേണ്ടതിന്നു് സ്തോത്രം ചെയ്യുകയും ചെയ്യുന്നു.

—0—